FRIDAY 18/07/2025 വെള്ളിയാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. V. Krishnadas**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/07/2025

1. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് ചേർന്നുള്ള സംയുക്ത യോഗത്തിൽ സംസ്ഥാനത്ത് തെരുവുനായ നിയന്ത്രണത്തിനായി ഫലപ്രദമായ ഇടപെടൽ നടത്താൻ തീരുമാനമായി. കേന്ദ്ര സർക്കാറിന്റെ എ.ബി.സി നിയമമനുസരിച്ച് സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും പോർട്ടബിൾ എ.ബി.സി സെന്ററുകൾ മുഖേന തെരുവു നായ്ക്കളുടെ വന്ധ്യംകരണം നടത്തും. ഈ വരുന്ന ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി തെരുവുനായ്ക്കൾക്കും വളർത്തുനായ്ക്കൾക്കും പ്രത്യേക വാക്സിനേഷൻ യജ്ഞവും ലൈസൻസിങ്ങും നടപ്പിലാക്കും. വളർത്ത്നായ്ക്കളിൽ മൈക്രോചിപ്പുകൾ ഘടിപ്പിക്കും. കുടുംബശ്രീ മുഖേനയും മറ്റും കൂടുതൽ പേർക്ക് തെരുവുനായ്ക്കളെ പിടിക്കുവാനുള്ള പരിശീലനവും നൽകും. അനിമൽ ഹസ്ബെന്ററി പ്രാക്ടീസസ് പ്രോസീജിയേഴ്സ് റൂൾസ് 2023 സെക്ഷൻ 8 പ്രകാരം പ്രത്യേക നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അപകടങ്ങൾ മൂലവും, ഗുരുതര രോഗബാധിതരുമായ നായ്ക്കളെ ദയാവധത്തിന് വിധേയമാക്കാം. നിലവിലുള്ള എ.ബി.സി ചട്ടങ്ങളിൽ കേരള സാഹചര്യങ്ങൾക്കനുസൃതമായി ഇളവു വരുത്തുന്നതിനു വേണ്ടി സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കും. ഇരു വകുപ്പുകളും ചേർന്ന് തെരുവുനായ പ്രശ്നത്തിൽ ശാശ്വത പരിഹാരത്തിനായി മുന്നോട്ടു പോകും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ക്ഷീരവികസന വകുപ്പിന്റെയും പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ പത്തനാപുരം ബ്ലോക്ക് ക്ഷീരകർഷക സംഗമം കാര്യറ സെൻട്രൽ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ 2025 ജൂലൈ 19–ാം തീയതി കാര്യറ ദാറുൽ സലാം ആഡിറ്റോറിയത്തിൽ വച്ച് വൈവിധ്യമാർന്ന പരിപാടികളോടെ സംഘടിപ്പിക്കുന്നു. രാവിലെ 8 മണി മുതൽ കന്നുകാലി പ്രദർശനവും 9.30 മുതൽ ക്ഷീര വികസന സെമിനാറും സംഘടിപ്പിക്കുന്നു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. കെ ബി ഗണേഷ് കുമാർ ചടങ്ങ് ഉദ്ഘാടനം ചെയ്യും. പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ. ആനന്ദവല്ലി അദ്ധ്യക്ഷത വഹിക്കും.

3. കാർഷികവികസന കർഷകക്ഷേമ വകുപ്പ്, കേരള സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം, ആത്മ മുഖേന കർഷകഉൽപാദന സംഘങ്ങൾക്ക് ഹോർട്ടികൾച്ചർ മേഖലയിൽ നവീന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സാമ്പത്തികസഹായം നൽകും. ജില്ലയിലെ ബ്ലോക്കുകളിൽ രൂപീകരിച്ചിട്ടുള്ള കർഷക ഉൽപാദകസംഘങ്ങൾ (രജിസ്ട്രേഷൻ ചെയ്ത് ഒരു വർഷം തികഞ്ഞവ), വിവിധ ഏജൻസികളുടെ പിന്തുണയോടെ പ്രവർത്തിക്കുന്നതും മുൻകാലങ്ങളിൽ ഇതേഘടകത്തിൽ സാമ്പത്തിക സഹായം ലഭിക്കാത്തതുമായ കർഷകഉത്പാദക കമ്പനികൾ (രജിസ്ട്രേഷൻ ചെയ്തു മൂന്നുവർഷം തികഞ്ഞവ) എന്നിവയ്ക്ക് അപേക്ഷിക്കാം. പഴങ്ങൾ, പച്ചക്കറികൾ, പൂക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, കശുമാവ് ഉൾപ്പെടെയുള്ള

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്ലാന്റേഷൻ വിളകൾ, കിഴങ്ങുവർഗങ്ങൾ, കൂൺ മുതലായ മേഖലകളിൽ വിളവെടുപ്പാനന്തര സേവനങ്ങൾക്കും മൂല്യവർധിത ഉൽപന്നനിർമാണത്തിനും ആവശ്യമായ സ്റ്റോറേജ് സംവിധാനങ്ങൾ, പാക്ക്ഹൗസുകൾ, സംസ്കരണ യൂണിറ്റുകൾക്കാവശ്യമായ യന്ത്രസാമഗ്രികൾ മറ്റ് ഭൗതികസൗകര്യങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. മാനദണ്ഡങ്ങൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ 80 ശതമാനം സഹായമായി അനുവദിക്കും അപേക്ഷ ജൂലൈ 27 നകം ആത്മ പ്രോജക് ഡയറക്ടേറ്റ്, സിവിൽസ്റ്റേഷൻ, കൊല്ലം വിലാസത്തിൽ നൽകണം. ഫോൺ നമ്പർ 0474 27020280.

4. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരുടെ കുട്ടികളിൽ 2024-25 അധ്യയനവർഷത്തിൽ എസ്.എസ്.എൽ.സി. / ടി.എച്ച്.എസ്.എൽ.സി, പ്ലസ്ടു/ വി.എച്ച്.എസ്.സി. പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയവർക്ക് ധനസഹായം നൽകുന്നു. 2025 മാർച്ച് മാസത്തിൽ നടത്തിയ എസ്.എസ്.എൽ.സി./ ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ 75 അഥവാ അതിൽ കൂടുതൽ പോയിന്റ് നേടുകയോ 2024 -25 അധ്യയന വർഷത്തെ പ്ലസ് ടു/ വി.എച്ച്.എസ്.സി അവസാന വർഷ പരീക്ഷയിൽ 85 ശതമാനം മാർക്കിൽ കുറയാതെ മാർക്ക് നേടുകയോ ചെയ്ത വിദ്യാർഥികളുടെ രക്ഷിതാക്കൾക്ക് അപേക്ഷിക്കാം. എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന അംഗങ്ങളുടെ കുട്ടികൾക്ക് മാർക്ക് മാനദണ്ഡത്തിൽ അഞ്ചു ശതമാനം ഇളവുണ്ട്. വിദ്യാർഥികൾ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കേരള സ്റ്റേറ്റ് സിലബസിൽ പഠിച്ചവരും ആദ്യ ചാൻസിൽ വിജയിച്ചവരുമാകണം. www.agriworkersfund.org എന്ന വെബ്സൈറ്റിൽ ലഭ്യമായ അപേക്ഷാ ഫോം പൂരിപ്പിച്ച് ഓഗസ്റ്റ് 30 വൈകിട്ട് അഞ്ചിനു മുൻപായി ജില്ലാ ഓഫിസിൽ നൽകണം. വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ :0481-2585604.

5. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷനിൽ 'ജൂനിയർ എഞ്ചിനീയർ സിവിൽ' -നെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾക്ക് സിവിൽ എൻജിനീയറിങ്ങിൽ ഫസ്റ്റ്ക്ലാസ് മാർക്കോടെ ബിടെക് ബിരുദവും സിവിൽ കൺസ്ട്രക്ഷൻ മേഖലയിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി ഒന്നിന് 30 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത, പരിചയം, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെട്ടുത്തിയ കോപ്പികൾ സഹിതം നിശ്ചിത ഫോറത്തിൽ ജോയിന്റ് ഡയറക്ടർ (ഇ&പി), എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷൻ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി. ഒ. കോട്ടയം -686009 എന്ന വിലാസത്തിൽ 2025 ജൂലൈ 23-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മുമ്പ് ലഭിക്കത്തക്കവിധം അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

6. ഐ സി എ ആർ കൃഷി വിജ്ഞാന കേന്ദ്രം ഏക ദിന പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളനാട് പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് മണ്ണിര കമ്പോസ്റ്റ് നിർമാണം എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു . താല്പര്യമുള്ളവർ 2025 ഓഗസ്റ്റ് മാസം 1 ന് വൈകിട്ട് 5 മണിക്ക് മുൻപായി 8086019840 എന്ന നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യുക. വാട്സ് ആപ്പ് മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യാവുന്നതുമാണ് . ക്ലാസ്സ് 2025 ഓഗസ്റ്റ് മാസം 6 ന് രാവിലെ 9.30 മണിക്ക് ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 കർഷകർക്ക് പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

7. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി "ശാസ്ത്രീയ പശു പരിപാലനം" എന്ന വിഷയത്തെ ആസ്പദമാക്കി 21.07.2025 മുതൽ 26.07.2025 വരെ രണ്ട് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447305100, 9496332048 04734299669, 8304949553 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്യോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

ff¯

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. **കാർഷിക നിർദേശം**

**തെങ്ങ് – ഇല, കായ കരിച്ചൽ**

ഇലക്കവിളുകളിലും കുലകളിലും ഹെക്സകോണസോൾ 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക. സംതുലിത വളപ്രയോഗം അവലംബിക്കുക.

**തെങ്ങ്/തൈകൾ – വെള്ളം കെട്ടികിടക്കുന്ന അവസ്ഥ/കൂമ്പ് ചീയൽ**

തൈക്കുഴികളിൽ വെള്ളംകെട്ടികിടക്കാൻ അനുവദിക്കരുത്! കുഴികളിലേക്കു വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ കുഴിക്ക് ചുറ്റും വരമ്പ് നിർമിക്കുക. മഴയുടെ ഇടവേളയിൽ 1 % ബോർഡോക്സ് മിശ്രിതം ഇലകളിലും കൂമ്പിലും പശ ചേർത്ത് തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം